II ഇ.ബി. XV- കേരള നിയമസഭ/V-1

## പതിനഞ്ചാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

## ചോദ്യോത്തരങ്ങൾ - സംഗ്രഹം

2022 ജൂൺ 27, തിങ്കൾ

പതിനഞ്ചാം കേരള നിയമസഭയുടെ അഞ്ചാം സമ്മേളനം 2022 ജൂൺ 27-ാം തീയതി തിങ്കളാഴ്ച രാവിലെ 9.00 മണിക്ക് ദേശീയഗാനാലാപനത്തോടെ ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എം. ബി. രാജേഷിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ ആരംഭിച്ചു.

## വാങ്മൂലം നൽകിയ ഉത്തരങ്ങൾ

(ശ്രീ. രാഹുൽ ഗാന്ധി എം.പി.-യുടെ വയനാട്ടുള്ള ഓഫീസ് ആക്രമിച്ചതിൽ പ്രതിഷേധിച്ച് ചോദ്യോത്തരവേള ആരംഭിച്ചയുടൻ പ്രതിപക്ഷാംഗങ്ങൾ ബാനറും പ്ലക്കാർഡുകളുമുയർത്തി നടുത്തളത്തിന് സമീപംവന്ന് മുദ്രാവാക്യം വിളിച്ച് ചോദ്യോത്തരവേള തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു.)

1 (*1) ലഹരിക്കടത്ത് തടയുന്നതിനുള്ള നടപടികൾ

തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ) നൽകിയ മറുപടിയിൽ, സംസ്ഥാനത്തേക്കുള്ള ലഹരിക്കടത്ത് തടയുന്നതിനായി കോസ്റ്റ് ഗാർഡ്, കോസ്റ്റൽ പോലീസ്, റെയിൽവേ പോലീസ്, കസ്റ്റംസ് എന്നീ വിവിധ എൻഫോഴ്സ്മെന്റ് ഏജൻസികളുമായി ചേർന്നുള്ള സംയുക്ത പരിശോധനകളും പട്രോളിംഗും റെയിഡുകളും ശക്തിപ്പെടുത്തിയിട്ടുണ്ടെന്നും ചെക്ക് പോസ്റ്റുകളിൽ സി.സി.ടി.വി. സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടെന്നും അതിർത്തി പ്രദേശങ്ങൾ കേന്ദ്രീകരിച്ച് ബോർഡർ പട്രോളിംഗ് യൂണിറ്റുകൾ വാഹന പരിശോധന നടത്തിവരുന്നുണ്ടെന്നും സഭയെ അറിയിച്ചു. വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പരിസരങ്ങളിൽ മദ്യ-മയക്കുമരുന്ന് വില്പനയും ഉപഭോഗവും തടയുന്നതിനായി മുൻകരുതൽ പരിശോധനയും രഹസ്യനിരീക്ഷണങ്ങളും നടത്തിവരുന്നതോടൊപ്പം വിദ്യാർത്ഥികളെ ലഹരി ഉപയോഗത്തിൽനിന്ന് പിന്തിരിപ്പിക്കുന്നതിനായി 'ഉണർവ്' പദ്ധതിയും നടപ്പിലാക്കിവരുന്നുണ്ട്. വിമുക്തി മിഷന്റെ പ്രവർത്തനം ശാക്തീകരിക്കുന്നതിന്റെ ഭാഗമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ വിമുക്തി വാർഡ് കമ്മിറ്റികൾ രൂപീകരിക്കുകയും ലഹരിക്കെതിരെയുള്ള സന്ദേശം പ്രചരിപ്പിക്കുന്നതിനായി

ജില്ലാതലത്തിൽ ബോധവത്ക്കരണ സ്റ്റാളുകൾ സംഘടിപ്പിക്കുകയും ചെയ്തിട്ടുണ്ട്. സ്കൂളുകൾ കേന്ദ്രീകരിച്ചും അല്ലാതെയുമുള്ള കൗൺസിലിംഗ് നൽകുന്നതിനായി സൈക്കോളജി, സോഷ്യോളജി യോഗ്യതയുള്ള എക്സൈസ് ഉദ്യോഗസ്ഥർക്ക് നിംഹാൻസ് മുഖേന പരിശീലനം നൽകിവരുന്നതായും ജില്ലകൾതോറും ഡീ-അഡിക്ഷൻ സെന്ററുകൾ പ്രവർത്തിച്ചുവരുന്നതായും മന്ത്രി വ്യക്തമാക്കി.

(പ്രതിപക്ഷ ബഹളത്തെത്തുടർന്ന് 9.04-ന് ചോദ്യോത്തരവേളയുടെ ബാക്കിഭാഗം റദ്ദ് ചെയ്തു. )

******